# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏലംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.11/2143/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏലംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.11/2143/2021 തീയ്യതി: 16/03/2022

## മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2021 | 08-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-11-2021 | 08-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി,ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൾ ഗഫൂർ.സി.അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി.എം. അസി.ഓഡിറ്റ് ഓഫീസര്

ശ്രീ. യൂസഫ്.പി.അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷീബ. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അയിഷ.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.സി.സുകുമാരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സബീന.എൻ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ശ്രീ.രാജീവ്.എസ്.കെ | സെക്രട്ടറി | 11-06-2020 | 12-02-2021 |
| ശ്രീ.സുനിൽ കുമാർ.ടി.പി. | സെക്രട്ടറി | 13-02-2021 | 27-02-2021 |
| ശ്രീമതി.ജ്യോതിലക്ഷ്മി.സി.എസ്. | സെക്രട്ടറി | 28-02-2021 | 31-03-2021 |
| ശ്രീമതി. ജംസീറ.സി.പി. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ബൈജു.സി.പി. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.സയ്യിദ് അബൂബക്കർ സിദ്ദിഖ് | വെറ്ററിനറി സർജൻ | 01-04-2020 | 18-09-2020 |
| ഡോ.മൃദുല | വെറ്ററിനറി സർജൻ | 19-09-2020 | 30-09-2020 |
| ഡോ.ശ്രീജിത്ത് | വെറ്ററിനറി സർജൻ | 01-10-2020 | 31-03-2021 |
| ശ്രീ.പങ്കജാക്ഷൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 30-04-2020 |
| ശ്രീ.സുധീർ ബാബു.കെ. | ഹെഡ് മാസ്റ്റർ | 01-05-2020 | 23-06-2020 |
| ശ്രീമതി.സരള.കെ | ഹെഡ്മിസ്ട്രസ് | 24-06-2020 | 31-03-2021 |
| ശ്രീ.സുനിൽ കുമാർ.ടി.പി. | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.നിസാർ.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഫൗസിയ മുസ്തഫ | മെഡിക്കൽ ഓഫീസർ(ആലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീമതി. രജനി.പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-11-2020 | 15-11-2020 |
| ശ്രീമതി.സാവിത്രി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-11-2020 | 31-03-2021 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Yousuf.P (Asst. Audit Officer, On 13-12-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 13-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 04-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 04-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: SHEEBA P (Auditor, On 14-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: SHEEBA P (Auditor, On 07-12-2021)<br>Last Updated By: SHEEBA P (Auditor, On 07-12-2021) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-9 |
| 10 | മറ്റ ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-10 |
| 11 | വാർഷികക്കണക്കിന്റെ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-11 |
| 12 | തൊഴിൽ നികുതി അപാകതകൾ<br>Written By: SHEEBA P (Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-12 |
| 13 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-13 |
| 14 | എസ്.എസ്.എ. വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-14 |
| 15 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമല്ല.<br>Written By: Prasad (Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-15 |
| 16 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 1-16 |

| | | |
|---|---|---|
| 17 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ ഇതുവരേയും ലഭ്യമായിട്ടില്ല<br>Written By: Prasad (Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-17 |
| 18 | പി.വി.സി.വാട്ടർ ടാങ്ക് വാങ്ങൽ-ടെണ്ടർ അപാകത<br>Written By: Yousuf.P (Asst. Audit Officer, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-18 |
| 19 | ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന ഭക്ഷ്യവസ്തുക്കൾ വാങ്ങി<br>Written By: Yousuf.P (Asst. Audit Officer, On 13-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 03-01-2022) | 1-19 |
| 20 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ കുറവ്<br>Written By: Yousuf.P (Asst. Audit Officer, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-20 |
| 21 | വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-01-2022)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Prasad (Audit Officer, On 03-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Prasad (Audit Officer, On 03-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 03-01-2022) | 4-5. |
| 6 | സ്ഥിര നിക്ഷേപം<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Prasad (Audit Officer, On 03-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 03-01-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-01-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 16-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 26.03.2020 | - |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2021 | 26.07.2021 | -- | -- |

### 1-3 സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം (2020-21) |
|---|---|
| മുന്നിരിപ്പ് | 20225018 |
| വരവ് | 65108878 |
| ആകെ | 85333896 |
| ചെലവ് | 70465213 |
| നീക്കിയിരിപ്പ് | 14868683 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 9593553 | 9593553 | 9575524 | 18029 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 7984098 | 7984098 | 7846976 | 137122 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 6778000 | 6778000 | 6667590 | 110410 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 00 | 3670496 | 3670496 | 2704727 | 965769 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 00 | 5040000 | 5040000 | 1529013 | 3510984 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ബെയ്സിക്ക് ഗ്രാന്റ്) | 00 | 9432607 | 9432607 | 6965558 | 2467049 |
| ബി-ഫണ്ട് | 00 | 70215100 | 70215100 | 70215100 | 00 |

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 66966782 | 146 | 46368678 | -- | 38 | 69.24 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,27,929 | 13,09,521 | 16,37,450 | 5,81,004 | 10,56,446 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,80,89,439 | 1,80,89,439 | 1,80,89,439 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 7517000 | 361 |
| വിധവാ പെൻഷൻ | 23284400 | 1049 |
| വാർദ്ധക്യകാല പെൻഷൻ | 29613200 | 1599 |
| വികലാഗ പെൻഷൻ | 7223900 | 370 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2206600 | 113 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 15847/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തിയിട്ടില്ല.
2.വെറ്ററിനറി സർജൻ,കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പഞ്ചായത്ത് ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. വിവിധ ക്ഷേമ പദ്ധതികളുടെ രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.
5.ഭവന വായ്പ രജിസ്റ്റർ കാലികമാക്കുന്നില്ല.

6.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. വായ്പ/വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2021 | 01.08.2021-31.10.2021 | 12.11.2021 |
| എ.ജി. ഓഡിറ്റ് | 17.12.2013-02.01.2014 | 2008-09മുതൽ 2012-13 വരെ | 18.02.2014 |

## 1-11 വാർഷികക്കണക്കിന്റെ പരിശോധനയിൽ കണ്ട അപാകതകൾ

1. ബാലൻസ് ഷീറ്റ് B-18ഷെഡ്യൂൾ പ്രകാരമുള്ള വിവരങ്ങൾ അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ബിൽഡിംഗ് പെർമിറ്റ് റജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

3. SBT PD അക്കൗണ്ട് 7418 എന്ന് രേഖപ്പെടുത്തി 3493 രൂപ നീക്കിബാക്കി കാണിച്ചിരിക്കുന്ന അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ സംയുക്ത പദ്ധതിക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 5,63,979/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 39,910/- രൂപയും 2020-21 വർഷത്തിൽ നീക്കിയിരിപ്പുണ്ട്. ആയത് ഏതൊക്കെ പദ്ധതികൾ പ്രകാരമുള്ള നീക്കിയിരിപ്പാണ് എന്നത് വിശദീകരിക്കേണ്ടതാണ്.

5. ബാലൻസ് ഷീറ്റ് (B-9) പ്രകാരം 2019-20, 2020-21 ൽ 1,24,605രൂപ Stale Cheque ബാധ്യത നില നിൽക്കുന്നു. പ്രസ്തുത ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് തുക പിൻ വലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

6. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള NREGS, TSC, SSAഎന്നീ ഇനങ്ങൾ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

7.. ലോൺ രജിസ്റ്ററിൽ സംഗ്രഹം എഴുതിയിട്ടില്ലാത്തതിനാൽ B-5, RP- 32 എന്നിവ പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

എ).സ്ഥാപന നികുതി ഈടാക്കിയിട്ടില്ല .

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | MICഇംഗ്ലീഷ് മീഡിയം സ്കൂൾ,ചെറുകര | 1st &2nd |
| 2 | ഹിൽടോപ്പ് പബ്ലിക് സ്കൂൾ | 1st &2nd |

നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

ബി). വ്യാപാര സ്ഥാപനങ്ങളി ലെ തൊഴിലാളി /ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 238 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ , ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (സ.ഉ.(അച്ചടി)നം.196/2016/തൊഴിൽ തി.21.12.2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. (2021സെപ്റ്റംബർ 01മുതൽ പുതിയ വിജ്ഞാപനം കാണുക).ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6മാസം) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 238 സ്ഥാപനങ്ങളിലായി 476 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (476x450x2) 4,28,400/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ച കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല.

പ്രമുഖ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് അന്വേഷണം (നം.15/07.12.21) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടി സ്വീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി

2020-21-ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ എം ബുക്കിൽ രേഖപ്പെടുത്തിയ മൂല്യനിർണ്ണയ തുകയിലും അധികമായി Material ഇനത്തിൽ വിവിധ പ്രവൃത്തികളിൽ വിതരണക്കാരന് തുക നൽകിയതായി Expenditue Statement, എം ബുക്ക്, Fund Transfer Order സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ

കാണുന്നു. ഉപയോഗിച്ച മെറ്റീരിയലിന്റെ തുക എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും Material List ഫയലിൽ ചേർത്ത് വച്ചിട്ടില്ല. എംബുക്കിലും, മൂല്യനിർണ്ണയ സ്റ്റേറ്റ്മെൻറിലും രേഖപ്പെടുത്തിയ മെറ്റീരിയലിന്റെ വിലയും യഥാർത്ഥത്തിൽ നൽകിയ തുകയും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി / Work Code | ആകെ മൂല്യ നിർണ്ണയം | മെറ്റീരിയൽ തുക മൂല്യ നിർണ്ണയ സാക്ഷ്യപത്രം/ M.book പ്രകാരം | നൽകിയ തുക | അധികം | | | | FTONo./Dt. | വിതരണക്കാരൻ/ ഗുണഭോക്താവ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | Bill.No/Dt | Payment Date | Amount | | |
| 1 | ആട്ടിൻകൂട് നിർമ്മാണം(ലീല) 454469 ടി.എസ് തുക 47000 ടി.എസ് നം.294120/29.1.20 | 35597 | 26098 | 33219 | 7121 | 122/10.11.20 | 19.1.21 | 33219 | 596220/19.1.21 | മുഹമ്മദ് മുസ്തഫ |
| 2 | തൊഴുത്ത് നിർമ്മാണം (ചന്ദ്രിക പള്ളിക്കുത്ത്) 418691 ടി.എസ് തുക 78000 ടി.എസ് നം.169463/24.10.19 | 56970 | 38331 | 47201 | 8870 | 145/1.7.20<br>146/1.7.20 | 19.1.21<br>19.1.21 | 38331<br>8870 | 159677/19.1.21 | ഇബ്രാഹിം |
| 3 | തൊഴുത്ത് നിർമ്മാണം (ഷാജി) 444200 ടി.എസ് തുക 177000 ടി.എസ് നം.152068/27.7.20 | 161972 | 110500 | 122696 | 12196 | 86/1.8.20 | 25.11.20 | 122696 | 288878/25.11.20 | ഷാജി മഞ്ചീരി പൂരക്കൽ |
| 4 | തൊഴുത്ത് നിർമ്മാണം (മൊയ്തീൻ ചോലക്കൽ) 434384 ടി.എസ് തുക 185000 ടി.എസ് നം.202911/3.10.21 | 165807 | 114500 | 126676 | 12176 | 84/1.8.20 | 5.4.21 | 126676 | 288869/6.4.21 | വേലായുധൻ.പി |
| 5 | തൊഴുത്ത് നിർമ്മാണം (മുഹമ്മദാലി കറുവപള്ളിയാലിൽ) 437192 ടി.എസ് തുക 187000 ടി.എസ് നം.224857/24.10.17 | 170614 | 118020 | 129006 | 10986 | 138/25.12.19<br>149/5.2.20<br>150/1.4.20 | 26.5.20<br>26.5.20<br>25.11.20 | 65644<br>38298<br>25064 | 571272/27.5.20<br>596838/27.5.20<br>203088/25.11.20 | ഇബ്രാഹിം |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| 6 | തൊഴുത്ത് നിർമ്മാണം (ഭരത കുമാരൻ) 428588 ടി.എസ് തുക 147500 ടി.എസ് നം.172166/3.10.19 | 116137 | 49600 | 98562 | 48962 | 112/1.4.20 | 4.8.21 | 98562 | 288872/5.8.21 | വേലായുധൻ.പി |
| 7 | തൊഴുത്ത് നിർമ്മാണം (നിഷ പാറോൽപുര) 424956 ടി.എസ് തുക 136000 ടി.എസ് നം.185258/24.10.19 | 87634 | 55748 | 96732 | 40984 | 65/1.4.20<br>70/1.4.20<br>80/1.4.20 | 19.1.21<br>19.1.21<br>19.1.21 | 56495<br>34824<br>5413 | 203099/19.1.21<br>203099/19.1.21<br>203099/19.1.21 | ഇബ്രാഹിം |
| 8 | ആട്ടിൻകൂട് നിർമ്മാണം(ബദറുദ്ധീൻ ബാവ) 481589 ടി.എസ് തുക 48500 ടി.എസ് നം.-104968/27.8.20 | 27401 | 17821 | 32768 | 14947 | 203/27.5.20 | 29.6.21 | 32768 | 9218231/3.7.21 | ബദറുദ്ധീൻ ബാവ |
| 9 | ആട്ടിൻകൂട് നിർമ്മാണം(മുസ്തഫ കുന്നത്ത്) 460076 ടി.എസ് തുക 117000 ടി.എസ് നം.-29830/30.1.20 | 113681 | 69954 | 86748 | 16794 | 201/1.6.20<br>202/1.6.20 | 19.1.21<br>19.1.21 | 52076<br>34042 | ലഭ്യമായില്ല | ഇബ്രാഹിം |
| 10 | തൊഴുത്ത് നിർമ്മാണം (ശരത്) 528951 ടി.എസ് തുക 270000 ടി.എസ് നം.393659/18.2.21 | 238755 | 156155 | 183706 | 27551 | 122/31.3.21<br>127/31.3.21 | 11.5.21<br>11.5.21 | 123753<br>59953 | 5530/12.5.21<br>5530/12.5.21 | ശരത് |
| 11 | ആട്ടിൻകൂട് നിർമ്മാണം(ജമീല) 45448 ടി.എസ് തുക 49000 ടി.എസ് നം.29323/29.5.20 | 35597 | 26908 | 33252 | 6344 | 201/1.9.20 | 19.1.21 | 33252 | 338154/19.1.21 | മുഹമ്മദ് മുസ്തഫ |
| | | | ആകെ | | 206931 | | | | | |

തുക അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 11(7.12.2021) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. അധിക തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 എസ്.എസ്.എ. വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S002/2021

അടങ്കൽ - 4,00,000 (വികസന ഫണ്ട് -ജനറൽ)

ബിൽ നം. 13/14-09-2020 : 4,00,000

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ (പട്ടികജാതി)

നം : S037/2021

അടങ്കൽ - 1,00,000 (വികസന ഫണ്ട് -SCP)

ബിൽ നം. 28/26-03-2021 : 1,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 5,00,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 5,00,000 രൂപ എസ്.എസ്.എ. കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 5 ലക്ഷം രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം. 7/06.12.21).

## 1-15 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ (8/20-21) |
| അടങ്കൽ | 350000/- |
| ചെലവ് തുക | 350000/-(റോഡീതരം)<br>ബിൽ നം. 20/20-21 തിയ്യതി 04.03.21 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.ഫൗസിയ മുസ്തഫ<br>മെഡിക്കൽ ഓഫീസർ |

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങാനായി പ്രഫോർമ്മ ഇൻവോയ്സ് നം. PRF-5433 തിയ്യതി 16.02.2021 പ്രകാരം K.M.S.C.L, തൈക്കാടിന് 350000/-രൂപയുടെ ഓഡർ നല്കിയിട്ടുണ്ട്. ലഭിച്ച മരുന്നുകളുടെ വിവരം താഴെ നല്കുന്നു.

| ഇൻവോയ്സ് നമ്പറും തിയ്യതിയും | തുക |
|---|---|
| 621/29.04.21 | 85413 |
| 593/29.04.21 | 88055 |
| 4899/09.08.21 | 12144 |
| 6639/24.09.21 | 70872 |
| 7754/21.10.21 | 12468 |
| Total | 268952 |

അവശേഷിക്കുന്ന 81048/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വറിക്ക് (Audit Enquiry No.2-2020-21 Dated 03.12.2001) 04.12.2021ന് ലഭിച്ച മറുപടിയിൽ അവശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണെന്നും മരുന്നുകൾ ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുമെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു.

## 1-16 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതൾ

തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതൾ ചുവടെ ചേർക്കുന്നു.

1.മിക്ക പ്രവൃത്തികളും ചെക്ക് മെഷർ ചയ്യുന്നതിന് മുമ്പ് തന്നെ ബിൽ തയ്യാറാക്കി FTO ക്കായി സമർപ്പിക്കുന്നുണ്ട്.

2.Muster Roll കൾ മുഴവനായി പൂരിപ്പിക്കുന്നില്ല.ചില പ്രവൃത്തികളിൽ S Killed Labour Muster Roll-ൽ തുക രേഖപ്പെടുത്തുകയൊ തൊഴിലാളികൾ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല.

3.ചില പ്രവൃത്തികളിൽ M Book പ്രകാരമുള്ള Abstract തുകയല്ല .മൂല്യ നിർണ്ണയ സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാ:

| ക്രമ നം | പ്രവൃത്തി | Unskilled Wages M Book പ്രകാരം | മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം |
|---|---|---|---|
| 1. | തൊഴുത്ത് നിർമ്മാണം മൊയ്തീൻ ചോലക്കൽ | 19206 | 22989 |
| 2. | കോരക്കുന്ന് റോഡ് നിർമ്മാണം | 6149 | 43089 |

4.Material Work കളിൽ പ്രവത്തിക്ക് ഉപയോഗിച്ച മെറ്റീരിയൽ ,തുക എന്നിവ കാണിക്കുന്ന മെറ്റീരിയൽ ലിസ്റ്റ് വെച്ചിട്ടില്ല.

5.മെറ്റീരിയൽ Work ന് വിതരണക്കാരൻ GST ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ബില്ലിൽ GST എത്ര ശതമാനമാണെന്ന് വേർ തിരിച്ച് രേഖപ്പെടുത്തുന്നില്ല. ചില പ്രവത്തികളിൽ ഒന്നും രേഖപ്പെടുത്താത്ത ബില്ലുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

6.FTO കോപ്പി ഫയലിൽ ഉള്ളടക്കം ചെയ്യുന്നില്ല.

7.തൊഴിൽ സ്ഥലത്തെ ഫോട്ടോകൾ ചില ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

8.തൊഴിൽ സ്ഥലത്ത് വെക്കേണ്ട പ്രദർശന ബോർഡിന്റെ വില എം ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-17 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടർ ഇതുവരേയും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നം. 76/20-21) |
| അടങ്കൽ | 70000/- |
| ചെലവ് തുക | 40134/-<br>ബിൽ നം. 09/20-21 തിയ്യതി 29.03.21<br>20188/-<br>ബിൽ നം. 08/20-21 തിയ്യതി 29.03.21<br>ആകെ 60322 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഡോ.ശ്രീജിത്ത്.കെ<br>വെറ്ററിനറി സർജൻ |

മേൽ പ്രോജക്ട് പ്രകാരം കേരള ഐ.ടി.മിഷന് 60322/-രൂപ വെറ്ററിനറി ഡിസ്പെസറിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാനായി നല്കിയിട്ടുണ്ട്. ആയവ ലഭ്യമായതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വറിയ്ക്ക്( Audit Enquiry No.3-2020-21 Dated 03.12.2021) മറുപടിയായി (തിയ്യതി 07.12.2021) ആകെ 60322/-രൂപയിൽ 40134/-രൂപ ഡസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനും 20188/-രൂപ മൾട്ടി പ്രിന്റർ വാങ്ങുന്നതിനുമായി സർക്കാർ സ്ഥാപനമായ കെൽട്രോണിൽ അടവാക്കിയിട്ടുള്ളതാണെന്നും 20188/-രൂപയുടെ മൾട്ടി പ്രിന്റർ ലഭ്യമായിട്ടുണ്ടെന്നും 40134/-രൂപയുടെ

ഡസ്ക്ടോപ്പ് ലഭ്യമായിട്ടില്ലെന്നും അറിയിച്ചു. പ്രിന്റർ ലഭിച്ചതിന്റെ ഇൻവോയ്സും സ്റ്റോക്കിലെടുത്തതും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഡസ്ക് ടോപ്പ് ലഭ്യമാക്കി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പി.വി.സി.വാട്ടർ ടാങ്ക് വാങ്ങൽ-ടെണ്ടർ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ :അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് :003/20, പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് വാങ്ങി നൽകൽ

അടങ്കൽ :3,00,000 [വി.ഫണ്ട് 225000+ഗ്ര.വിഹിതം75000]

ചെലവ് :ചെക്ക് നം.2769095/06.02.20 :44165/- (ഗ്ര.വിഹിതം)

പ്രൊജക്ട് :SO011/21, പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് വാങ്ങി നൽകൽ

അടങ്കൽ :255835 [വി.ഫണ്ട് 225000+ഗ്ര.വിഹിതം30835]

ചെലവ് :ബിൽ നം.02/15.04.20 : 1,32,385/-

:ബിൽ നം.05/22.10.20 : 72,210/-

:ചെക്ക് നം.1012251/25.10.21 : 24,090/- (ഗ്ര.വിഹിതം)

ആകെ ചെലവ് :2,72,850 [വി.ഫണ്ട് 204595+ഗ്ര.വിഹിതം 68255]

പ്രസ്തുത ടാങ്ക് വാങ്ങുന്നതിനായി ലഭിച്ച ടെണ്ടറുകളിൽ വ്യത്യസ്ത സ്പെസിഫിക്കേഷനുകളിലുള്ള വാട്ടർ ടാങ്കുകളുടെ വില ക്വാട്ട് ചെയ്തതിൽ ISI മാർക്കുള്ളതും 10 വർഷ വാറന്റിയും 18കി.ഗ്രാം തൂക്കമുള്ളതും 2ലേയറോടുകൂടിയതുമായ, BSGST കുറ്റിപ്പുറം എന്ന സ്ഥാപനം ക്വാട്ട് ചെയ്ത Ocean ബ്രാന്റ് വാട്ടർ ടാങ്ക് 3210 രൂപ നിരക്കിൽ വാങ്ങിയിരിക്കുന്നത്. ഡ്രീം ഹോം ബാലുശ്ശേരി എന്ന സ്ഥാപനം അതേ സ്പെസിഫിക്കേഷനോട് കൂടിയ കാവേരി ബ്രാന്റ് വാട്ടർ ടാങ്കിന് 3020 രൂപയാണ് (190രൂപ കുറവ് )ക്വാട്ട് ചെയ്തിട്ടുള്ളത്.

കാവേരി ബ്രാന്റ് വാട്ടർ ടാങ്കിന് 3020 രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളതെങ്കിലും Ocean എന്ന ബ്രാന്റ് വിപണിയിൽ ലീഡിംഗ് ബ്രാന്റ് ആണെന്നും മുൻ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുള്ളതും നിലവാരവും മികവും പുലർത്തുന്നതും മുൻ വർഷത്തേക്കാൾ കുറഞ്ഞ വിലയാണ് ക്വാട്ട് ചെയ്തിരിക്കുന്നതെന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ BSGST കുറ്റിപ്പുറം ക്വാട്ട് ചെയ്ത Ocean ബ്രാന്റ് വാട്ടർ ടാങ്ക് 3210 രൂപ നിരക്കിൽ വാങ്ങുന്നതിന് ഭരണസമിതി 27.11.2019 ലെ 1/6 നമ്പർ പ്രകാരം ഐക്യകണ്ഠേന തീരുമാനിച്ചിട്ടുണ്ട്.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 4.1 പ്രകാരം ബ്രാന്റ് നെയിം മുതലായവ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതും ഖണ്ഡിക 9.18(ii) പ്രകാരം ക്വാട്ട് ചെയ്ത സ്റ്റോർ ഒരേ സ്പെസിഫിക്കേഷനിലുള്ളതാണെങ്കിൽ കുറഞ്ഞ വില ക്വാട്ട് ചെയ്തത് പരിഗണിക്കേണ്ടതുമാണ്. കുറഞ്ഞ വില ക്വാട്ട് ചെയ്തത് ഒഴിവാക്കണമെങ്കിൽ മതിയായ കാരണം രേഖപ്പെടുത്തണം. ക്ഷമതയുള്ള സർക്കാർ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല പ്രോജക്ട് പ്രകാരമുള്ള ടെണ്ടറിൽ കുറഞ്ഞ വില ക്വാട്ട് ചെയ്തത് ഒഴിവാക്കി വില കൂടിയ ടാങ്ക് വാങ്ങിയിരിക്കുന്നത്.തൻമൂലം 16,150 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്.

സ്റ്റോർ പർച്ചേസ് നടപടികളുടെ സുതാര്യത നഷ്ടപ്പെടുത്തും വിധം വില കൂടിയ ടാങ്ക് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 13/ 07.12.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും മേൽ പരാമർശിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന ഭക്ഷ്യവസ്തുക്കൾ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് - 49/21 അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം

പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ പട്ടികജാതി സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സപ്ലൈക്കോയുടെ വിലയിൽ അധികരിക്കുന്നില്ല എന്ന് ബോധ്യപ്പെടുന്നതിന് ഏതാനും ഇൻവോയ്സുകളുടെ കൂടെ മറ്റു ഗ്രാമ പഞ്ചായത്തുകളിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് അനുവദിച്ച സപ്ലൈക്കോ ബിൽ പകർപ്പുകളും മറ്റു ഇൻവോയ്സുകളുടെ കൂടെ ബൾക്ക്/ ഐ.സി.ഡി.എസ്. റേറ്റ് പ്രകാരമുള്ള ബിൽ പകർപ്പുകൾക്ക് പകരം സപ്ലൈക്കോയിൽ നിന്നുള്ള സാമ്പിൾ പർച്ചേസ് ബിൽ പകർപ്പുകളാണ് ചേർത്ത് വച്ചിട്ടുണ്ട്. സപ്ലൈക്കോ ബില്ലിൽ നികുതി ഉൾപ്പെടുന്ന ചില ഇനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് ഭക്ഷ്യവസ്തുക്കൾ വാങ്ങിയ സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (GSTIN:32AAFASS423F1ZT) ബില്ലുകളിൽ നികുതി ഉൾപ്പെട്ടു കാണുന്നില്ല. സൊസൈറ്റിയുടെ ബില്ലുകൾ കമ്പ്യൂട്ടർ ജനറേറ്റഡ് അല്ലാത്തതും ഭക്ഷ്യവസ്തുക്കളുടെ HSN/SAC കോഡ്

രേഖപ്പെടുത്താത്തവയുമാണ്.

ഉദാ:-

ബിൽ നം.: 03/18.06.20 :6,012,72/- (Toപെരിന്തൽമണ്ണ പട്ടികജാതി സർവീസ് കോഓപ്പറേറ്റീവ് സൊസൈറ്റി- 2,73,822+ സമൃദം ന്യൂട്രീമിക്സ് 3,27,450)

ഫണ്ട് : വികസന ഫണ്ട്

ഇൻവോയ്സ് : 153/08.6.20 : 2,73,242/-

| ഇനം | തൂക്കം | നിരക്ക് | ജി.എസ്.ടി | വില |
|---|---|---|---|---|
| ചെറുപയർ | 186Kg | 108.00 | | 20088 |
| നുറുക്ക് ഗോതമ്പ് | 3400Kg | 45.00 | | 153000 |
| അവിൽ (Packed) | 308Kg | 65.00 | | 20020 |
| ശർക്കര | 270Kg | 55.00 | | 14850 |
| വെളിച്ചെണ്ണ (കേര) | 95Kg | 209.50 | (497.50+497.50)=995 | 20897.50 |
| നിലക്കടല | 97Kg | 125 | (303.12+303.12)=606.24 | 12731 |
| റാഗി | 600Kg | 35 | | 21000 |
| റാഗിപ്പൊടി | 95Kg | 59 | | 5605 |
| Total Amount Before Tax | | | | 266590.5 |
| ജി.എസ്.ടി (995+606.24) | | | (800.62+800.62) =1601.24 | 1601.24 |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | | | | 5051 |
| ആകെ | | | | 273242.24 |

ടി.ഇൻവോയ്സിനോടൊപ്പം സപ്ലൈക്കോ വിലയുമായി താരതമ്യം ചെയ്യുന്നതിനായി ബില്ലിനോടൊപ്പം ചേർത്ത് വച്ചിട്ടുള്ള സപ്ലൈക്കോ ഇൻവോയ്സ് (1004101/204063/9.6.20 സാമ്പിൾ പകർപ്പിൽ വെളിച്ചെണ്ണ,നിലക്കടല എന്നിവയ്ക്ക് പുറമെ നുറുക്ക് ഗോതമ്പ്, റാഗിപ്പൊടി എന്നിവയ്ക്കും 5% ജി.എസ്.ടിയുണ്ട്. മറ്റു ചില സപ്ലൈക്കോ ഇൻവോയ്സുകളിൽ റാഗിയ്ക്കും 5% ജി.എസ്.ടിയുണ്ട്.

മാത്രമല്ല, അംഗനവാടികളിൽ ഭക്ഷ്യവസ്തുക്കളുടെ സുഗമമായ വിതരണത്തിനു വേണ്ടി എല്ലായിനങ്ങളും പാക്കറ്റ് ചെയ്തവയും ബ്രാന്റഡുമാണ് വാങ്ങുന്നത്. ബ്രാന്റഡഡ് ഇനങ്ങളിൽ അധികവും നികുതി വിധേയമാകുന്നവയാണ്.

ജി.എസ്.ടി ഉൾപ്പെടാതെ വസ്തുക്കൾ വാങ്ങുന്നതിനാൽ ടി.ഡി.എസ് നടത്താതെ തുക അനുവദിക്കുന്നതിനും ഇടയാകുന്നു.

161/17.7.20 :158055/-, 186/12.1.21:199920/-, 181/9.12.20 :81051/-, 192/17.3.21:143491/-, 194/17.3.21:62713/-, 170/28.9.20:204082 എന്നീ ഇൻവോയ്സുകളിലും ജി.എസ്.ടി ബാധകമായ നുറുക്ക്ഗോതമ്പ്,റാഗി എന്നിവയുണ്ട്.

ജി.എസ്.ടി.ഉൾപ്പെടാത്ത സൊസൈറ്റിയുടെ ബില്ലുകൾക്ക് ജി.എസ്.ടി. ഉൾപ്പെടുന്ന സപ്ലൈക്കോയുടെ ബില്ലുകളുമായി താരതമ്യം നടത്തിയത് സംബന്ധിച്ചും സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും സപ്ലൈക്കോയുടെയും ബില്ലുകളിൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ജി.എസ്.ടി സംബന്ധിച്ച് വൈരുദ്ധ്യം വരാനിടയായ സാഹചര്യം സംബന്ധിച്ചും HSN/SAC കോഡ് രേഖപ്പെടുത്താത്ത ഇൻവോയ്സുകൾ പ്രകാരം പേയ്മെന്റ് നടത്തിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.08 /06.12.2021) നൽകി. സൊസൈറ്റിയിൽ നിന്ന് വിശദീകരണം ലഭ്യമാക്കി അറിയിക്കുന്നതാണെന്നും ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.പർച്ചേസുകളിൽ നികുതി ചോർച്ച വരുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-20 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ കുറവ്

പ്രോജക്ട് നം.: 52/21 , അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ(ജനറൽ)

അടങ്കൽ : 16,00,000/- (വികസന ഫണ്ട് 800000+ ബ്ലോ.പ.വിഹിതം400000+ജി.പ.വിഹിതം400000)

ബിൽ നം. : 06/27.02.21 തുക: 2,52,500/- (ബ്ലോ.പ.വിഹിതം)

ബിൽ നം. : 07/27.02.21 തുക: 4,00,000/- (ജി.പ.വിഹിതം)

ബിൽ നം. (BRN): 101325/03.6.21: തുക:8,00,000 (വി. ഫണ്ട്) (2021-22 ലെ 141/22 നം പ്രൊജക്ട്)

ആകെ 14,52,500

നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർവൈസർ

02.02.2018ലെ ജി.ഒ.(എം.എസ്)17/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2പ്രകാരം ശാരീരിക-മാനസിക

വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ (14.02.2018ലെ ജി.ഒ.(എം.എസ്)22/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക നമ്പർ 7.1.6പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകിയിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27500 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28500രൂപയ്ക്കും അർഹതയുണ്ട്.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്ക് പ്രകാരം സ്കൂളിൽ പോകുന്ന 48 കുട്ടികളിൽ 19 പേർക്ക് മാത്രമാണ് 28,500രൂപ വീതം നൽകിയിട്ടുള്ളത്. 25പേർക്ക് 25580 രൂപ വീതവും 3 പേർക്ക് 25600 രൂപ വീതവും ഒരു കുട്ടിക്ക് 10000രൂപയുമാണ് നൽകിയിരിക്കുന്നത്. ആകെ 1267800 രൂപ ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് 1,84,700 രൂപയും നൽകിയിട്ടുണ്ട്. ചെലവഴിച്ച തുക നീതി പൂർവ്വം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

സർക്കാർ ഉത്തരവിലെ നിശ്ചിത നിരക്ക് പ്രകാരം അർഹതപ്പെട്ട മുഴുവൻ കുട്ടികൾക്കും പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പും ബത്തയും നൽകാത്തത് സംബന്ധിച്ചും തുക നീതി പൂർവ്വം വിതരണം ചെയ്യാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.10/06.12.2021) നൽകി. ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണ്ണമായി ലഭിക്കാത്തത് കാരണമാണ് അപാകത വന്നതെന്നും തുടർന്ന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.ബ്ലോക്ക് പഞ്ചായത്ത് വിഹിതം യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വന്നതാണെന്ന്ഫയൽ രേഖകൾ വ്യക്തമാക്കുന്നു. സ്കോളർഷിപ്പ് തുക പൂർണ്ണ നിരക്കിൽ യഥാസമയം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻററുകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ച 20,00,000 രൂപ വൗച്ചർ നമ്പർ 22000517/28-10-2020 പ്രകാരം സെക്രട്ടറി CFLTC നോഡൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം തുക കൈമാറുന്നതിന് ആധാരമാക്കിയ ഉത്തരവ്, ആയതിന്റെ വിനിയോഗ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 20,00,000 രൂപ തടസ്സം ചെയ്യുന്നു. 14/07.12.2021-ാം നമ്പർ ഓഡിറ്റ്എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി

2020-21-ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ എം ബുക്കിൽ രേഖപ്പെടുത്തിയ മൂല്യനിർണ്ണയ തുകയിലും അധികമായി Material ഇനത്തിൽ വിവിധ പ്രവൃത്തികളിൽ വിതരണക്കാരന് തുക നൽകിയതായി Expenditue Statement, എം ബുക്ക്, Fund Transfer Order സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ

കാണുന്നു. ഉപയോഗിച്ച മെറ്റീരിയലിന്റെ തുക എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും Material List ഫയലിൽ ചേർത്ത് വച്ചിട്ടില്ല. എംബുക്കിലും, മൂല്യനിർണ്ണയ സ്റ്റേറ്റ്മെൻറിലും രേഖപ്പെടുത്തിയ മെറ്റീരിയലിന്റെ വിലയും യഥാർത്ഥത്തിൽ നൽകിയ തുകയും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി / Work Code | ആകെ മൂല്യ നിർണ്ണയം | മെറ്റീരിയൽ തുക മൂല്യ നിർണ്ണയ സാക്ഷ്യപത്രം/ M.book പ്രകാരം | നൽകിയ തുക | അധികം | | | | FTONo./Dt. | വിതരണക്കാരൻ/ ഗുണഭോക്താവ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | Bill.No/Dt | Payment Date | Amount | | |
| 1 | ആട്ടിൻകൂട് നിർമ്മാണം(ലീല) 454469 ടി.എസ് തുക 47000 ടി.എസ് നം.294120/29.1.20 | 35597 | 26098 | 33219 | 7121 | 122/10.11.20 | 19.1.21 | 33219 | 596220/19.1.21 | മുഹമ്മദ് മുസ്തഫ |
| 2 | തൊഴുത്ത് നിർമ്മാണം (ചന്ദ്രിക പള്ളിക്കുത്ത്) 418691 ടി.എസ് തുക 78000 ടി.എസ് നം.169463/24.10.19 | 56970 | 38331 | 47201 | 8870 | 145/1.7.20<br>146/1.7.20 | 19.1.21<br>19.1.21 | 38331<br>8870 | 159677/19.1.21 | ഇബ്രാഹിം |
| 3 | തൊഴുത്ത് നിർമ്മാണം (ഷാജി) 444200 ടി.എസ് തുക 177000 ടി.എസ് നം.152068/27.7.20 | 161972 | 110500 | 122696 | 12196 | 86/1.8.20 | 25.11.20 | 122696 | 288878/25.11.20 | ഷാജി മഞ്ചീരി പൂരക്കൽ |
| 4 | തൊഴുത്ത് നിർമ്മാണം (മൊയ്തീൻ ചോലക്കൽ) 434384 ടി.എസ് തുക 185000 ടി.എസ് നം.202911/3.10.21 | 165807 | 114500 | 126676 | 12176 | 84/1.8.20 | 5.4.21 | 126676 | 288869/6.4.21 | വേലായുധൻ.പി |
| 5 | തൊഴുത്ത് നിർമ്മാണം (മുഹമ്മദാലി കറുവപള്ളിയാലിൽ) 437192 ടി.എസ് തുക 187000 ടി.എസ് നം.224857/24.10.17 | 170614 | 118020 | 129006 | 10986 | 138/25.12.19<br>149/5.2.20<br>150/1.4.20 | 26.5.20<br>26.5.20<br>25.11.20 | 65644<br>38298<br>25064 | 571272/27.5.20<br>596838/27.5.20<br>203088/25.11.20 | ഇബ്രാഹിം |
| 6 | തൊഴുത്ത് നിർമ്മാണം (ഭരത കുമാരൻ) 428588 ടി.എസ് തുക 147500 ടി.എസ് നം.172166/3.10.19 | 116137 | 49600 | 98562 | 48962 | 112/1.4.20 | 4.8.21 | 98562 | 288872/5.8.21 | വേലായുധൻ.പി |
| 7 | തൊഴുത്ത് നിർമ്മാണം (നിഷ പാറോൽപുര) 424956 ടി.എസ് തുക 136000 ടി.എസ് നം.185258/24.10.19 | 87634 | 55748 | 96732 | 40984 | 65/1.4.20<br>70/1.4.20<br>80/1.4.20 | 19.1.21<br>19.1.21<br>19.1.21 | 56495<br>34824<br>5413 | 203099/19.1.21<br>203099/19.1.21<br>203099/19.1.21 | ഇബ്രാഹിം |
| 8 | ആട്ടിൻകൂട് നിർമ്മാണം(ബദറുദ്ധീൻ ബാവ) 481589 ടി.എസ് തുക 48500 ടി.എസ് നം.-104968/27.8.20 | 27401 | 17821 | 32768 | 14947 | 203/27.5.20 | 29.6.21 | 32768 | 9218231/3.7.21 | ബദറുദ്ധീൻ ബാവ |
| 9 | ആട്ടിൻകൂട് നിർമ്മാണം(മുസ്തഫ | 113681 | 69954 | 86748 | 16794 | 201/1.6.20<br>202/1.6.20 | 19.1.21<br>19.1.21 | 52076<br>34042 | ലഭ്യമായില്ല | ഇബ്രാഹിം |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | കുന്നത്ത്)<br>460076<br>ടി.എസ് തുക 117000<br>ടി.എസ്<br>നം.-29830/30.1.20 | | | | | | | | | |
| 10 | തൊഴുത്ത് നിർമ്മാണം<br>(ശരത്)<br>528951<br>ടി.എസ് തുക 270000<br>ടി.എസ്<br>നം.393659/18.2.21 | 238755 | 156155 | 183706 | 27551 | 122/31.3.21<br>127/31.3.21 | 11.5.21<br>11.5.21 | 123753<br>59953 | 5530/12.5.21<br>5530/12.5.21 | ശരത് |
| 11 | ആട്ടിൻകൂട്<br>നിർമ്മാണം(ജമീല)<br>45448<br>ടി.എസ് തുക 49000<br>ടി.എസ്<br>നം.29323/29.5.20 | 35597 | 26908 | 33252 | 6344 | 201/1.9.20 | 19.1.21 | 33252 | 338154/19.1.21 | മുഹമ്മദ് മുസ്തഫ |
| | | | ആകെ | | 206931 | | | | | |

തുക അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 11(7.12.2021) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. അധിക തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2020-21 | 25.11.2021 മുതൽ 08.12.2021 വരെയുള്ള ഓഡിറ്റ് ക്യാമ്പിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 446250 | പ്രോജക്ട് നം. 18-നെൽകൃഷി വികസനം | 446250 | 00 |
| | 425000 | പ്രോജക്ട് നം. 99-നെൽ കൃഷി പ്രോത്സാഹനം | 425000 | |
| | 170800 | പ്രോജക്ട് നം. 39-ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൽ | 170800 | |
| | 40000 | പ്രോജക്ട് നം. 42-ലൈഫ് മിഷൻ | 40000 | 00 |
| | 252500 | പ്രോജക്ട് നം. 52-അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 252500 | 00 |
| | 200000 | പ്രോജക്ട് നം. 72 – എടത്തേപറമ്പ്-ഊരപറമ്പ റോഡ് നവീകരണം | 200000 | 00 |
| | 55600 | പ്രോജക്ട് നം. | 55600 | 00 |

| | | | | |
|---|---|---|---|---|
| | | -മുട്ടക്കോഴി വളർത്തൽ(വനിത) | | |
| ആകെ | 1590150 | | 1590150 | |
| ജില്ലാ പഞ്ചായത്ത് | 425000 | പ്രോജക്ട് നം. 99- നെൽ കൃഷി പ്രോത്സാഹനം | 425000 | |
| | 400000 | പ്രോജക്ട് നം.34- ലൈഫ് ഭവന പദ്ധതി സ്ഥലം വാങ്ങൾ(ജനറൽ) | 400000 | |
| | 400000 | പ്രോജക്ട് നം. 52- അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | |
| | 100000 | പ്രോജക്ട് നം. 52- അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | |
| ആകെ | 1325000 | | 1325000 | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു-

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി | | | 7705882 | 1112550 | | 6593332 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു-

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 00-01 | 3-4 | 04-05 | | നടപടി തുടരുന്നു |
| 98-99(expenditure) | 2-1 | 06-07 | മരാമത്ത് പണി അധികം തുക നല്കി | നടപടി തുടരുന്നു |
| 2009-10, 10-11 | 3-15 | 2012-13 | ലഘുഅവലോകനം(ദുരിതാശ്വാസനിധി) | നടപടി തുടരുന്നു |
| 2009-10, 10-11 | 3-7 | 2013-14 | | നടപടി തുടരുന്നു |
| 2015-16 | 3-16 | 2011-12, 12-13 | | നടപടി തുടരുന്നു |
| 2014-15 | 2(1,2,3) | 16-17 | | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികൾ

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-3 | സി.വി.കൃഷ്ണകമാർ, സെക്രട്ടറി, | Lf 2643 /Sp Cell/ Sc/d1/12/dtd 31.10.14 | 23723 | 0 | 0 | 0 | 0 | 0 | 23723 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ. സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65108878 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 70465213 |
| വരവിനങ്ങളുടെ നഷ്ടം | - |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 206931 |

| | |
|---|---|
| ഓാഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,00,000 |

ബി പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 4,00,000 | ശ്രീ. രാജീവ് എസ്.കെ, സെക്രട്ടറി |
| | 1,00,000 | ശ്രീമതി ജ്യോതിലക്ഷ്മി, സെക്രട്ടറി |
| 1-22 | 20,00,000 | ശ്രീ. രാജീവ് എസ്.കെ, സെക്രട്ടറി |
| ആകെ | 25,00,000 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം തുക

ഖണ്ഡിക 3-1 206931

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/നഷ്ടത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസം

| ഖണ്ഡിക നമ്പർ | നഷ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|---|---|
| 3-1 | 57693 | ശ്രീ.രാജീവ് എസ്.കെ സെക്രട്ടറി | ശ്രീ നന്ദനം<br>ഈസ്റ്റ് ഗേറ്റ്<br>വൈക്കം പി.ഒ<br>കോട്ടയം |
| 3-1 | 121687 | ശ്രീമതി. സബീന എൻ, സെക്രട്ടറി | എം.എം നിവാസ്<br>കൈപ്പള്ളി റോഡ്<br>ചിറ്റാട്ടുമുക്ക്(പി.ഒ)<br>തിരുവനന്തപുരം |
| 3-1 | 27551 | ശ്രീമതി.ജ്യോതി ലക്ഷ്മി .സി.എസ് സെക്രട്ടറി | ചെഞ്ചേരിൽ ഹൗസ്<br>മാഞ്ഞൂർ പി.ഒ<br>കുറുപ്പന്തറ<br>കോട്ടയം |
| ആകെ | 206931 | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1975-76 | എൽ.എഫ്.എം.03/1931/76 തിയ്യതി: 18.9.2010 | |
| 1992-1993,1993-1994<br>1994-1995 | എൽ.എഫ്.എം.07/1012/97തിയ്യതി : 18.9.2010 | 6 |
| 1995-96 | എൽ.എഫ്.എം-14/25/2000തിയ്യതി:18.9.2010 | 7 |

| | | |
|---|---|---|
| 1996-97 | എൽ.എഫ്.എം-14/24/2000തിയ്യതി:18.9.2010 | 8 |
| 1997-98 | എൽ.എഫ്.എം-16/227/06തിയ്യതി :18.9.2010 | 3 |
| 1998-99 | എൽ.എഫ്.എം-16/232/06തിയ്യതി :18.9.2010 | 11 |
| 1999-00 | എൽ.എഫ്.എം-12/845/2001തിയ്യതി.18-09-10 | 8 |
| 2001-02 | എൽ.എഫ്.എം-16/1159/07തിയ്യതി :18.9.2010 | 2 |
| 2002-03 | എൽ.എഫ്.എം-16/1160/07തിയ്യതി :18.9.2010 | 8 |
| 2003-04 | എൽ.എഫ്.എം-16/1161/07/തിയ്യതി :18.9.2010 | 5 |
| 2004-05 | എൽ.എഫ്.എം-16/1162/07തിയ്യതി :18.9.2010 | 5 |
| 2005-06(ചെലവ്) | എൽ.എഫ്.എം-16/1163/07/തിയ്യതി :18.9.2010 | 32 |
| 2005-06 (വരവ്) | എൽ.എഫ്.എം-16/1348/07/തിയ്യതി :18.9.2010 | 1 |
| 2006-07 | എൽ.എഫ്.എം-16/1349/08തിയ്യതി :18.9.2010 | 43 |
| 2007-08 | എൽ.എഫ്.എം-11/1767/11തിയ്യതി :14.2.2012 | 12 |
| 2008-09 | എൽ.എഫ്.എം-11/1768/07 തിയ്യതി:14.2.2012 | 17 |
| 2009-10,2010-11 | എൽ.എഫ്.എം-11/2153/14തിയ്യതി:4-12-2014 | 5 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം-11/1952/15 തിയ്യതി :16.09.15 | 24 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം-11/1929/16 തിയ്യതി :03.08.16 | 25 |
| 2015-16 | കെ.എസ്.എ.എം.പി.എം11/3265/16/ തിയ്യതി :22.12.16 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം11/1555/17-തിയ്യതി :12.7.2017 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം-11/1946/18തിയ്യതി :27.9.18 | 3 |
| 2018-19 | കെ.എസ്.എ.എം.പി.എം-11/419/2020 തിയ്യതി :27.11.2020 | 21 |
| 2019-20 | കെ.എസ്.എ.എം.പി.എം-11/2142/2021 തിയ്യതി : 16.03.2022 | 14 |

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്